# നോമ്പ് - നബിവചനങ്ങളിൽ

**അബ്ദുൽ ജബ്ബാർ കൂരാരി**

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: "വിശ്വാസത്തോടും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചും ഒരാൾ റമദാൻ വ്രതമനുഷ്ഠിച്ചാൽ അവന്റെ പൂർവപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി-മുസ്ലിം).

സഹ്‌ലുബ്നു സഅ്ദി(റ)ൽനിന്ന് നിവേദനം: "സ്വർഗത്തിൽ റയ്യാൻ എന്ന് വിളിക്കപ്പെടുന്ന ഒരു വാതിലുണ്ട്. ഉയിർത്തെഴുന്നേൽപു നാളിൽ നോമ്പുകാരല്ലാതെ ആ വാതിലിലൂടെ പ്രവേശിക്കുകയില്ല. നോമ്പുകാർ എവിടെയെന്ന് ചോദിക്കപ്പെടും, അപ്പോൾ അവർ എഴുന്നേറ്റുനിൽക്കും. അവരല്ലാതെ മറ്റാരും അതിലൂടെ പ്രവേശിക്കുകയില്ല. അവർ പ്രവേശിച്ചുകഴിഞ്ഞാൽ വാതിൽ അടക്കപ്പെടും. പിന്നീട് മറ്റാരും അതിലൂടെ പ്രവേശിക്കുകയില്ല" (ബുഖാരി).

"എല്ലാ സംഗതികൾക്കും സകാത്ത് (സംസ്കരണം) ഉണ്ട്. ശരീരത്തിന്റെ സകാത്താണ് നോമ്പ്. നോമ്പ് ക്ഷമയുടെ പകുതിയാകുന്നു" (ഇബ്നുമാജ).

### മാസപ്പിറവി

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: നബി(സ) പറഞ്ഞു: "റമദാനിൽ മാസപ്പിറവി കാണുന്നതുവരെ നിങ്ങൾ നോമ്പു തുടങ്ങരുത്. അപ്രകാരം (ശവ്വാലിന്റെ) ചന്ദ്രപ്പിറവി കാണുന്നതുവരെ നോമ്പവസാനിപ്പിക്കുകയും അരുത്. ചക്രവാളം തെളിയാത്തതുമൂലം ചന്ദ്രനെ കാണാൻ പറ്റാത്ത സാഹചര്യത്തിൽ നിങ്ങൾ കണക്ക് കൂട്ടിക്കൊള്ളുക" (ബുഖാരി).

### നിയ്യത്ത്

ഹഫ്സ(റ) നിവേദനം: "നോമ്പെടുക്കാൻ രാത്രിയിൽ തീരുമാനമെടുക്കാത്തവന് നോമ്പില്ല" (തിർമുദി).

### അത്താഴം

അനസ്(റ) നിവേദനം: റസൂൽ പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയമായും അത്താഴത്തിൽ അനുഗ്രഹമുണ്ട്" (ബുഖാരി-മുസ്ലിം).

### നോമ്പു തുറക്കൽ

"നോമ്പ് തുറക്കാൻ ധൃതികാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായിരിക്കും" (ബുഖാരി-മുസ്ലിം).

### പ്രാർഥന

അംറുബ്നുൽ ആസ്(റ) നിവേദനം: "നോമ്പുകാരന്, താൻ നോമ്പു തുറക്കുന്ന സന്ദർഭത്തിൽ തിരസ്കരിക്കപ്പെടാത്ത പ്രാർഥനയുണ്ട്: അല്ലാഹുവേ, എല്ലാറ്റിനും വിശാലമായ നിന്റെ കാരുണ്യത്താൽ എനിക്ക് നീ പൊറുത്തുതരേണമേ എന്ന് ഞാൻ നിന്നോട് പ്രാർഥിക്കുന്നു" (ഇബ്നുമാജ).

### നോമ്പുകാരന്റെ ശുദ്ധീകരണം

അബൂഹുറയ്റ(റ) നിവേദനം: പ്രവാചകൻ പറഞ്ഞു: "ആഹാരപാനീയങ്ങൾ വർജിക്കൽ മാത്രമല്ല നോമ്പ്. മ്ലേഛമായ വാക്കുകൾ വർജിക്കലാണ് നോമ്പ്. നിന്നെ ആരെങ്കിലും ചീത്ത പറയുകയോ നിന്നോട് അവിവേകം കാണിക്കുകയോ ചെയ്താൽ ഞാൻ നോമ്പുകാരനാണ്, ഞാൻ നോമ്പുകാരനാണ് എന്ന് അവനോട് പറയുക" (ഹാകിം).

### യാത്രയിലെ ഇളവ്

ആഇശയിൽനിന്ന്: അസ്‌ലം ഗോത്രജനായ ഹംസത്തുബ്നു അംറ് നബിയോട് ചോദിച്ചു: 'യാത്രയിലായിരിക്കെ, ഞാൻ നോമ്പെടുക്കണോ?' അദ്ദേഹം ധാരാളം നോമ്പനുഷ്ഠിക്കുന്ന ആളാണ്. പ്രവാചകൻ പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നെങ്കിൽ നോമ്പെടുക്കാം. ഇല്ലെങ്കിൽ ഒഴിവാക്കാം' (ബുഖാരി).

ഇബ്നു അബ്ബാസിൽനിന്ന്: റമദാനിൽ റസൂൽ മക്കയിലേക്ക് പുറപ്പെട്ടു. അദ്ദേഹം നോമ്പെടുത്തിരുന്നു. കദീദിലെത്തിയപ്പോൾ, അദ്ദേഹം നോമ്പു മുറിച്ചു. അദ്ദേഹത്തോടൊപ്പം ജനങ്ങളും നോമ്പു മുറിച്ചു (ബുഖാരി).

### ദാനധർമങ്ങൾ, ഖുർആൻ പാരായണം

ഇബ്നു അബ്ബാസ്(റ) നിവേദനം: "നബി(സ) മറ്റെല്ലാവരേക്കാളും വലിയ ഉദാരമതിയായിരുന്നു. എന്നാൽ റമദാനിൽ നബിയും ജിബ്‌രീലും തമ്മിൽ കൂടിക്കാഴ്ചയുണ്ടാകുമ്പോഴാണ്, നബി ഏറ്റവും കൂടുതൽ ദാനധർമങ്ങൾ ചെയ്തിരുന്നത്. റമദാനിലെ എല്ലാ രാത്രിയിലും ജിബ്‌രീൽ വന്ന് നബിയെ കാണുകയും ഖുർആൻ ഓതിച്ചു പാഠം നോക്കുകയും ചെയ്തിരുന്നു. സത്യമായും അന്ന് നബി നന്മയുടെ കാര്യത്തിൽ തടസ്സമില്ലാതെ ആഞ്ഞുവീശുന്ന കാറ്റിനേക്കാൾ ഉദാരമതിയായിരുന്നു" (ബുഖാരി).

### കുട്ടിയുടെ നോമ്പ്

മഅവ്വിദിന്റെ മകൻ റുബിയ്യിഅ് നിവേദനം: ആശൂറാ ദിവസം പ്രഭാതത്തിൽ അൻസ്വാറുകൾ താമസിക്കുന്ന പ്രദേശങ്ങളിലേക്ക് നബി(സ) ഇങ്ങനെ പറഞ്ഞയച്ചു: 'ആരാണോ നോമ്പെടുത്ത് പ്രഭാതത്തിൽ പ്രവേശിച്ചവർ, അവരത് പൂർത്തിയാക്കട്ടെ. നോമ്പെടുക്കാതെ നേരം പുലർന്നവർ ദിവസത്തിന്റെ ബാക്കിഭാഗം നോമ്പെടുത്തുകൊള്ളട്ടെ.' അതിനുശേഷം ഞങ്ങൾ ആ ദിവസം നോമ്പനുഷ്ഠിക്കുക പതിവാക്കി. ചെറിയ കുട്ടികളെ നോമ്പെടുപ്പിക്കാറുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ പള്ളിയിൽ പോവുമ്പോൾ, കമ്പിളിരോമം കൊണ്ട് അവർക്ക് പാവയുണ്ടാക്കി വെക്കുകയും അവരിലാരെങ്കിലും ഭക്ഷണത്തിനു വേണ്ടി കരഞ്ഞാൽ നോമ്പ് തുറക്കുന്ന സമയം വരെ അത് കൊടുത്ത് സമാധാനിപ്പിക്കുകയും ചെയ്യുമായിരുന്നു' (ബുഖാരി).

### തറാവീഹ് നമസ്കാരം

ആഇശ(റ)യിൽനിന്ന്: ഒരു അർധരാത്രി പ്രവാചകൻ പള്ളിയിൽ വന്നു നമസ്കരിച്ചു. അദ്ദേഹത്തോടൊപ്പം കുറച്ചാളുകളും നമസ്കരിച്ചു. നേരം വെളുത്തപ്പോൾ ജനങ്ങളത് പരസ്പരം പറഞ്ഞു. അന്ന് അധികം ആളുകൾ ഒരുമിച്ചുകൂടുകയും നബിയോടൊപ്പം നമസ്കരിക്കുകയും ചെയ്തു. നേരം പുലർന്നപ്പോൾ തലേ രാത്രിയിലെ നമസ്കാരത്തെപ്പറ്റി ജനങ്ങൾ പരസ്പരം പറഞ്ഞു. മൂന്നാം രാത്രിയിൽ വളരെപേർ പള്ളിയിലെത്തി. ജനങ്ങൾ നബിയോടൊപ്പം നമസ്കരിച്ചു. നാലാം നാളിൽ ആളുകളുടെ ആധിക്യം പള്ളിക്ക് ഉൾക്കൊള്ളാൻ കഴിയാതെയായി. (പിറ്റേന്ന്) പ്രവാചകൻ സ്വുബ്ഹ് നമസ്കാരത്തിനായി വരുകയും ഫജ്ർ നമസ്കരിക്കുകയും ചെയ്തു. ശേഷം ജനങ്ങളെ അഭിമുഖീകരിച്ചു. 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലിയശേഷം അദ്ദേഹം പറഞ്ഞു: "നിങ്ങൾ നമസ്കാരത്തിന് വരുന്നത് എന്നെ അലോസരപ്പെടുത്തിയിട്ടില്ല. പക്ഷേ, നിങ്ങൾക്കത് നിർബന്ധമാക്കപ്പെടുകയും അത് ചെയ്യാൻ നിങ്ങൾക്ക് കഴിയാതെവരികയും ചെയ്യുമോ എന്ന് ഞാൻ ഭയപ്പെടുന്നു. നബി മരിക്കുമ്പോഴും ഇതേ അവസ്ഥയായിരുന്നു' (ബുഖാരി).